റബ്കോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ

10(*280) ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. അൽഫോൺസ് കണ്ണന്താനം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) റബ്കോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) പുതുതായി എന്തെല്ലാം പദ്ധതികളാണ് റബ്കോ ഏറ്റെടുത്തിട്ടുള്ളത് ;

(ഡി) പച്ചത്തേങ്ങയിൽ നിന്നും നേരിട്ട് ഉൽപ്പാദിപ്പിക്കുന്ന വെർജിൻ കോക്കനട്ട് ഓയിൽ വിപണിയിൽ എത്തിച്ചിട്ടുണ്ടോ ; എങ്കിൽ അതിന് മെച്ചപ്പെട്ട വിപണി നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഇ) കമ്പനിയുടെ എല്ലാ യൂണിറ്റുകളും ലാഭകരമാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ,

(എ) റബ്ബറും, റബ്ബർ തടിയും അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായ സ്ഥാപനങ്ങൾ, വിവിധ തരത്തിലുള്ള സ്വാഭാവിക റബ്ബറിന്റെ വ്യാപാരം, കൂടാതെ പച്ചത്തേങ്ങയിൽ നിന്നും നേരിട്ട് വെളിച്ചെണ്ണ ഉൽപാദിപ്പിക്കുന്ന വ്യവസായ സംരംഭത്തിലും റബ്കോയെ ഏർപ്പെടുത്തിട്ടുണ്ട്. ഇതിനു പുറമേ കർഷകരിൽ നിന്നും റബ്ബർ പാൽ ശേഖരിച്ച് വിൽപന നടത്തുന്ന വ്യാപാരത്തിലും റബ്കോ ഏർപ്പെട്ടിട്ടുണ്ട്.

(ബി) റബ്കോയുടെ നിലവിലുള്ള യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി എൻ.സി.ഡി.സി. പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ മുഖാന്തരം 55.76 കോടി രൂപ ഇതുവരെ റബ്കോയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ റബ്കോയുടെ എല്ലാ യൂണിറ്റുകളും സുഗമമായ പ്രവർത്തനത്തിലേക്ക് വന്നു കൊണ്ടിരിക്കുകയാണ്. എൻ.സി.ഡി.സി/ സംസ്ഥാന പദ്ധതിയിൽ റബ്കോയ്ക്ക് അനുവദിച്ച 38.45 കോടി രൂപ (പലിശയുൾപ്പെടെ) വായ്പ സർക്കാർ ഓഹരി മൂലധനമാക്കി മാറ്റിയിട്ടുണ്ട്. സഹകരണ നവരത്ന ലോട്ടറി ഫണ്ടിൽ നിന്നും ഒരു കോടി രൂപയും, സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. റബ്കോയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കോമ്പൗണ്ട് മിക്സിംഗ് പ്ലാന്റ്, ട്രെഡ് റബ്ബർ യൂണിറ്റ് എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കാഷ്യൽ ഷൂ ഫാക്ടറി പ്രവർത്തനമാരംഭിക്കുന്നതിന് സജ്ജമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോമ്പൗണ്ട് മിക്സിംഗ് പ്ലാന്റ്, ട്രെഡ് റബ്ബർ ഫാക്ടറി എന്നിവ പുതുതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോമ്പൗണ്ടിംഗ് മിക്സിംഗ് പ്ലാന്റ് എം.ആർ.എഫ്.-മായി കരാറിലേർപ്പെട്ട് സുഗമമായി പ്രവർത്തിച്ചു വരുന്നു. ട്രെഡ് റബ്ബർ ഫാക്ടറിയിലെ ഉൽപ്പന്നങ്ങൾക്ക് അമേരിക്ക തുടങ്ങിയ വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതിക്കുള്ള ഓർഡർ ലഭിച്ചിട്ടുണ്ട്.

(ഡി) പച്ചത്തേങ്ങയിൽ നിന്നും നേരിട്ട് ഉൽപ്പാദിപ്പിക്കുന്ന വെളിച്ചെണ്ണ ഇന്ത്യയിലും വിദേശ രാജ്യങ്ങളിലും വിപണിയിൽ എത്തിച്ചിട്ടുണ്ട്. "ന്യൂട്രികോ" എന്ന പേരിൽ വെളിച്ചെണ്ണയും, പച്ചത്തേങ്ങയിൽ നിന്നുള്ള വെളിച്ചെണ്ണ ഉപയോഗിച്ച് "ലഷ്" എന്ന പേരിൽ ബേബി ഓയിൽ, മസാജ് ഓയിൽ, ഹെയർ ടോണിക് എന്നിവയും വിപണിയിൽ ലഭ്യമാണ്. ഇവയ്ക്ക് കൂടുതൽ മെച്ചപ്പെട്ട വിപണി കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്.

(ഇ) എൻ.സി.ഡി.പി. പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയശേഷം യൂണിറ്റുകൾ ഒന്നൊന്നായി ലാഭത്തിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഇതുവഴി സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടുവരുന്നു.

ജൈവ കൃഷി വ്യാപകമാക്കുന്നതിന് പദ്ധതി

11(*281) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) ജൈവ കൃഷി വ്യാപകമാക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് എന്ന് വിശദമാക്കുമോ ;

(ബി) നബാർഡിന്റെ സഹായത്തോടെ പ്രസ്തുത രംഗത്ത് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് ഇതുവരെ എത്ര കർഷകരെ ജൈവകൃഷി സമ്പ്രദായത്തിലേക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നബാർഡിന് പുറമേ മറ്റെതൊക്കെ ബാങ്കുകളും സ്വയം സഹകരണ സംഘങ്ങളും പ്രസ്തുത പദ്ധതിയിൽ പങ്കാളികളായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ജൈവകൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് പരിശീലനം നൽകുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ,

(എ) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, നടപ്പിലാക്കുന്നതിനുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കാർഷിക വ്യവസ്ഥയെ സുസ്ഥിരവും ലാഭകരവും മത്സരക്ഷമതയാർന്നതും വിഷവിമുക്തമായ മണ്ണ്, വെള്ളം, ഭക്ഷണം എന്നിവ പ്രദാനം ചെയ്യാൻ സഹായിക്കുന്നതുമായ ഒരു ജൈവ കാർഷിക നയത്തിന് രൂപം നൽകിയിട്ടുണ്ട്. ജൈവ കൃഷി വ്യാപിപ്പിക്കുന്നതിന് നടപ്പുവർഷം സംസ്ഥാന ബഡ്ജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ, ദേശീയ ജൈവകൃഷി പദ്ധതിയുടെ ഭാഗമായി 34.96 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly